**കാറ്റഗറി നമ്പർ : 623/2021 – 624/2021**
**ഒന്നാം എൻ.സി.എ വിജ്ഞാപനം**

താഴെപ്പറയുന്ന തസ്തികയിലേക്ക് തെരഞ്ഞെടുക്കപ്പെടുന്നതിന് കേരള സംസ്ഥാനത്തിലെ യോഗ്യതയുള്ള SCCC, മുസ്ലീം എന്നീ സംവരണ സമുദായങ്ങളിൽപ്പെട്ട ഉദ്യോഗാർത്ഥികളിൽ നിന്നു മാത്രം അപേക്ഷകൾ ഓൺലൈനായി ക്ഷണിക്കുന്നു. ഉദ്യോഗാർത്ഥികൾ കമ്മീഷന്റെ വെബ്സൈറ്റ് വഴി 'ഒറ്റത്തവണ രജിസ്ട്രേഷൻ' പൂർത്തിയാക്കി അപേക്ഷ സമർപ്പിക്കേണ്ടതാണ്. ഇതിനോടകം രജിസ്റ്റർ ചെയ്തവർക്ക് അവരുടെ പ്രൊഫൈലിലൂടെ അപേക്ഷിക്കാവുന്നതാണ്. ആധാർ നമ്പർ ലഭ്യമായിട്ടുള്ളവർ ആയത് പ്രൊഫൈലിൽ തിരിച്ചറിയൽ രേഖയായി ഉൾപ്പെടുത്തേണ്ടതാണ്.

1. **വകുപ്പ്** : **പോലീസ്**

2. **ഉദ്യോഗപ്പേര്** : **വനിതാ പോലീസ് കോൺസ്റ്റബിൾ (വനിതാ പോലീസ് ബറ്റാലിയൻ)**
   കുറിപ്പ് : ഭിന്നശേഷി വിഭാഗത്തിൽപ്പെട്ട ഉദ്യോഗാർത്ഥികളും പുരുഷ ഉദ്യോഗാർത്ഥികളും ടി തസ്തികയിലേയ്ക്ക് അപേക്ഷിക്കുവാൻ യോഗ്യരല്ല.

3. **ശമ്പളം** : **₹ 22,200 – 48,000/- (PR)**

4. **ഒഴിവുകളുടെ എണ്ണം** : **സംസ്ഥാനതലം**

| കാറ്റഗറി നമ്പർ | സമുദായം | ഒഴിവുകളുടെ എണ്ണം |
|---|---|---|
| **623/2021** | എസ്.സി.സി.സി | 01 (ഒന്ന്) |
| **624/2021** | മുസ്ലീം | 04 (നാല്) |

വനിതാ പോലീസ് കോൺസ്റ്റബിൾ തസ്തികയിലേക്കുള്ള റിക്രൂട്ട്മെന്റ് വനിതാ പോലീസ് ബറ്റാലിയൻ വഴി മാത്രം നടത്തുന്നതും, ജില്ലകളിലുണ്ടാകുന്ന പ്രസ്തുത തസ്തികയിലെ ഒഴിവുകളിലേയ്ക്ക് ഈ ബറ്റാലിയനിൽ നിന്നും അഡ്വൈസ്/റാങ്ക് സീനിയോറിറ്റി ക്രമത്തിൽ വനിതാ സേനാംഗങ്ങളെ ട്രാൻസ്ഫർ ചെയ്യുന്നതുമാണ്. **[സ.ഉ.(സാധാ) നം.1484/2017** ആഭ്യന്തരം തീയതി **05.06.2017]**

കുറിപ്പ്:

(i) ഈ വിജ്ഞാപനത്തിൽ ഉൾപ്പെടുത്തിയിട്ടുള്ള സംവരണ സമുദായങ്ങളിൽപ്പെടാത്ത ഉദ്യോഗാർത്ഥികൾ സമർപ്പിക്കുന്ന അപേക്ഷകൾ യാതൊരറിയിപ്പും കൂടാതെ നിരസിക്കുന്നതാണ്.

(ii) ഉദ്യോഗാർത്ഥികളുടെ എസ്.എസ്.എൽ.സി ബുക്കിലെ ജാതി സംബന്ധിച്ച രേഖപ്പെടുത്തലിൽ വ്യത്യാസം ഉണ്ടാകുന്ന സാഹചര്യത്തിൽ ആയത് ഗസറ്റിൽ വിജ്ഞാപനം ചെയ്തിരിക്കേണ്ടതും അപേക്ഷയിൽ അവകാശപ്പെട്ടിട്ടുള്ള ജാതി തെളിയിക്കുന്നതിന് റവന്യൂ അധികാരി നൽകുന്ന ജാതി സർട്ടിഫിക്കറ്റ്/നോൺ ക്രിമീലെയർ സർട്ടിഫിക്കറ്റിനോടൊപ്പം ഇത് സംബന്ധിച്ച ഗസറ്റ് വിജ്ഞാപനം കൂടി തെരഞ്ഞെടുപ്പിന്റെ വെരിഫിക്കേഷൻ സമയത്ത് ഹാജരാക്കേണ്ടതുമാണ്.

(iii) മേൽ സൂചിപ്പിച്ച ഒഴിവുകൾ ഇപ്പോൾ നിലവിലുള്ളതാണ്. ഈ വിജ്ഞാപന പ്രകാരം തയ്യാറാക്കപ്പെടുന്ന റാങ്ക് ലിസ്റ്റിന്റെ കാലാവധി റാങ്ക് ലിസ്റ്റ് പ്രാബല്യത്തിൽ വരുന്ന തീയതി മുതൽ ഒരു വർഷം വരെയോ ഈ തസ്തികയ്ക്കായി 04.08.2020 തീയതിയിൽ പ്രസിദ്ധീകരിച്ച റാങ്ക് ലിസ്റ്റിന്റെ കാലയളവിൽ മേൽപ്പറഞ്ഞ സമുദായങ്ങൾക്ക് വേണ്ടി നീക്കി വച്ചിട്ടുള്ള ഒഴിവുകളിലേക്കും ആ സമുദായത്തിൽപ്പെട്ട ഉദ്യോഗാർത്ഥികളുടെ അഭാവത്തിൽ നികത്തപ്പെടാത്ത ഒഴിവുകളിലേയ്ക്കും ഉദ്യോഗാർത്ഥികളെ നിയമന ശിപാർശ ചെയ്ത് നിയമനം നടത്തുന്നത് വരെയോ ഏതാണോ ആദ്യം അതുവരെ ആയിരിക്കും.

| **റാങ്ക് ലിസ് റ്റ് നമ്പരും പ്രസിദ്ധപ്പെടുത്തിയ തീയതിയും** | **കാറ്റഗറി നമ്പർ** |
|---|---|
| 225/2020/ER III dated 04.08.2020. | 653/2017 |

5. **നിയമന രീതി** : **നേരിട്ടുള്ള നിയമനം (സംസ്ഥാനാടിസ്ഥാനത്തിൽ).**
എസ്.സി.സി.സി, മുസ്ലീം എന്നീ സംവരണ സമുദായങ്ങളിൽപ്പെട്ട വനിതാ ഉദ്യോഗാർത്ഥികളിൽ നിന്നു മാത്രം.

6. **പ്രായപരിധി** : **18-29;** ഉദ്യോഗാർത്ഥികൾ 02.01.1992 നും 01.01.2003 നും (രണ്ട് തീയതികളും ഉൾപ്പെടെ) ഇടയിൽ ജനിച്ചവരായിരിക്കണം. (പൊതുവ്യവസ്ഥകളിലെ പാർട്ട് II ഖണ്ഡിക 2(i) പ്രകാരമുള്ള വയസ്സിളവ് ഉൾപ്പെടെ).

കുറിപ്പ്: പതിനെട്ട് വയസ്സ് പൂർത്തിയായതിന് ശേഷം എസ്.സി വിഭാഗത്തിൽ നിന്നും ക്രിസ്തുമതത്തിലേക്ക് പരിവർത്തനം ചെയ്തവരും അപ്രകാരമുള്ള മാതാപിതാക്കളുടെ സന്താനങ്ങളും ഉൾപ്പെട്ട എസ്.സി.സി.സി വിഭാഗത്തിൽപ്പെട്ട ഉദ്യോഗാർത്ഥികൾ 02.01.1990 നും 01.01.2003 നും

ഇടയിൽ ജനിച്ചവരായിരിക്കണം (രണ്ട് തീയതികളും ഉൾപ്പെടെ). അത്തരം ഉദ്യോഗാർത്ഥികളുടെ പ്രായപരിധി 18-31.

[ഉയർന്ന പ്രായപരിധിയിൽ അനുവദിച്ചിട്ടുള്ള മറ്റ് പ്രത്യേക ആനുകൂല്യങ്ങൾക്ക് ഈ വിജ്ഞാപനത്തിന്റെ പാർട്ട് II ലെ പൊതുവ്യവസ്ഥകളിലെ ഖണ്ഡിക *2* (2(i) ഒഴികെ) നോക്കുക].

**7. യോഗ്യതകൾ:** :

(a) **വിദ്യാഭ്യാസ യോഗ്യത:**

ഹയർ സെക്കണ്ടറി (പ്ലസ് ടു) പരീക്ഷയോ തത്തുല്യമായ പരീക്ഷയോ ജയിച്ചിരിക്കണം.

കുറിപ്പ്: (i) KS & SSR Part II Rule 10(a) (ii) ബാധകമാണ്.

(ii) തത്തുല്യ യോഗ്യത അവകാശപ്പെട്ട് അപേക്ഷ സമർപ്പിക്കുന്ന ഉദ്യോഗാർത്ഥികൾ ആയത് തെളിയിക്കുന്നതിനുള്ള സർക്കാർ ഉത്തരവ് ഒറ്റത്തവണ പ്രമാണ പരിശോധനാ സമയത്തോ കമ്മീഷൻ ആവശ്യപ്പെടുമ്പോഴോ ഹാജരാക്കേണ്ടതാണ്.

(b) **ശാരീരിക യോഗ്യതകൾ :**

(i)കുറഞ്ഞത് 157 സെ.മീ ഉയരം.

(ii)കാഴ്ചശക്തി: താഴെ പറയുന്ന തരത്തിൽ കണ്ണട വയ്ക്കാതെയുള്ള കാഴ്ചശക്തിയുള്ളതായി സാക്ഷ്യപ്പെടുത്തിയിരിക്കണം.

| | **കാഴ്ച** | **വലതുകണ്ണ്** | **ഇടത് കണ്ണ്** |
|---|---|---|---|
| എ) | ദൂരക്കാഴ്ച | 6/6 സ്നെല്ലൻ | 6/6 സ്നെല്ലൻ |
| ബി) | സമീപക്കാഴ്ച | 0.5 സ്നെല്ലൻ | 0.5 സ്നെല്ലൻ |

കുറിപ്പ്:

(i)ഓരോ കണ്ണിനും പൂർണ്ണമായ കാഴ്ചശക്തി ഉണ്ടായിരിക്കണം. വർണ്ണാന്ധത, സ്ക്വിന്റ് അല്ലെങ്കിൽ കണ്ണിന്റെയോ കൺപോളകളുടെയോ മോർബിഡ് ആയിട്ടുള്ള അവസ്ഥ എന്നിവ അയോഗ്യതയായി കണക്കാക്കുന്നതാണ്.

(ii) മുട്ടുതട്ട്, പരന്ന പാദം, ഞരമ്പ് വീക്കം, വളഞ്ഞ കാലുകൾ, വൈകല്യമുള്ള കൈകാലുകൾ, കോമ്പല്ല് (മുൻ പല്ല്), ഉന്തിയ പല്ലുകൾ, കൊഞ്ഞ, കേൾവിയിലും സംസാരത്തിലുമുള്ള കുറവുകൾ എന്നിങ്ങനെയുള്ള ശാരീരിക ന്യൂനതകൾ ഉണ്ടായിരിക്കരുത്.

(c) വൺ സ്റ്റാർ നിലവാരത്തിലുള്ള നാഷണൽ ഫിസിക്കൽ എഫിഷ്യൻസി ടെസ്റ്റിലെ താഴെ പറയുന്ന 8 (എട്ട്) ഇനങ്ങളിൽ ഏതെങ്കിലും 5 (അഞ്ച്) എണ്ണത്തിൽ യോഗ്യത നേടിയിരിക്കണം.

| **ക്രമ നമ്പർ** | **ഇനങ്ങൾ** | **വൺ സ്റ്റാർ നിലവാരം** |
|---|---|---|
| 1. | 100 മീറ്റർ ഓട്ടം | 17 സെക്കന്റ് |
| 2. | ഹൈ ജംപ് | 1.06 മീറ്റർ |
| 3. | ലോംഗ് ജംപ് | 3.05 മീറ്റർ |
| 4. | പുട്ടിംഗ് ദ ഷോട്ട് (4 കി.ഗ്രാം ഭാരമുള്ളത്) | 4.88 മീറ്റർ |
| 5. | 200 മീറ്റർ ഓട്ടം | 36 സെക്കന്റ് |
| 6. | ത്രോയിംഗ് ദി ത്രോ ബോൾ | 14 മീറ്റർ |
| 7. | ഷട്ടിൽ റേസ് (4X25 മീറ്റർ) | 26 സെക്കന്റ് |
| 8. | സ്കിപ്പിംഗ് (1 മിനിറ്റ്) | 80 തവണ |

കുറിപ്പ്: ഉദ്യോഗാർത്ഥികളുടെ ശാരീരിക അളവുകൾ കായികക്ഷമതാ പരീക്ഷയ്ക്ക് മുന്നോടിയായി എടുക്കുന്നതാണ്. നിശ്ചിത ശാരീരിക അളവുകൾ ഇല്ലാത്ത ഉദ്യോഗാർത്ഥികളെ കായികക്ഷമതാ പരീക്ഷയിൽ പങ്കെടുപ്പിക്കുന്നതല്ല. **കായികക്ഷമതാ പരീക്ഷയിൽ അപകടം സംഭവിക്കുകയോ പരിക്കേൽക്കുകയോ ചെയ്യുന്ന ഉദ്യോഗാർത്ഥികൾക്ക് ആയതിന് പങ്കെടുക്കുവാൻ വീണ്ടും അവസരം നൽകുന്നതല്ല.** ഉദ്യോഗാർത്ഥികൾ കായികക്ഷമതാ പരീക്ഷ സമയത്ത് താഴെ കൊടുത്തിട്ടുള്ള ഫോറത്തിൽ സർക്കാർ സർവ്വീസിലുള്ള അസിസ്റ്റന്റ് സർജൻ/ജൂനിയർ കൺസൾട്ടന്റിന്റെ റാങ്കിൽ കുറയാത്ത റാങ്കിലുള്ള ഒരു മെഡിക്കൽ ഓഫീസറിൽ നിന്നും ലഭിച്ച മെഡിക്കൽ സർട്ടിഫിക്കറ്റിന്റെ അസ്സൽ ഹാജരാക്കേണ്ടതാണ്. കൂടാതെ, ഈ സർട്ടിഫിക്കറ്റ് പ്രമാണ പരിശോധന സമയത്ത് പ്രൊഫൈലിൽ Upload ചെയ്യേണ്ടതുമാണ്.

## FORM OF MEDICAL CERTIFICATE

I have on this day medically examined Smt/Kum....................................................... (Name & address) and found that she has no disease or infirmity, which would render her unsuitable for Government Service. She is free from physical defects like knock-knee, flat foot, varicose vein, bow legs, deformed limbs, irregular and protruding tooth and defective speech and hearing. Her age according

to her own statement is .................................. and by appearance is ............................ and her standards of vision are as follows.

**Standards of Vision**

(without glasses)

| | | Right Eye | Left Eye |
|---|---|---|---|
| i) | Distant Vision | .............Snellen | ............ Snellen |
| ii) | Near Vision | .............Snellen | ............ Snellen |
| iii) | Field of Vision | ..................... | |

(Specify whether field of vision is full or not. Entries such as Normal, Good etc are inappropriate here)

iv) Colour Blindness................................

v) Squint ................................

vi) Any morbid condition of the eyes or lids of either eye ..............................

She is physically fit for the post of Woman Police Constable in the Police Department.

Place: Signature

Date : Name and Designation of the Medical Officer

*(Office Seal)*

കുറിപ്പ്: കാഴ്ചശക്തിയെ സംബന്ധിച്ച വിവരങ്ങൾ സർട്ടിഫിക്കറ്റിൽ വ്യക്തമായി രേഖപ്പെടുത്തിയിരിക്കണം. വിഷൻ "നോർമൽ", "ആവറേജ്" മുതലായ അവ്യക്തമായ പ്രസ്താവനകൾ സ്വീകരിക്കുന്നതല്ല. ഓരോ കണ്ണിനേയും സംബന്ധിച്ച വിവരങ്ങൾ പ്രത്യേകമായി രേഖപ്പെടുത്തിയിരിക്കണം. കാഴ്ചശക്തി മുകളിൽ സൂചിപ്പിച്ചിട്ടുള്ള വിധത്തിലല്ലെങ്കിൽ കണ്ണിന് നല്ല കാഴ്ചശക്തിയുണ്ടെന്നോ മോശമായ കാഴ്ചശക്തിയാണെന്നോ *(Better/Worse Standards of Vision)* ഉള്ള വിവരം സർട്ടിഫിക്കറ്റ് നൽകുന്ന ഉദ്യോഗസ്ഥൻ സർട്ടിഫിക്കറ്റിൽ രേഖപ്പെടുത്തേ ണ്ടതാണ്. അല്ലാതെയുള്ള സർട്ടിഫിക്കറ്റ് സ്വീകരിക്കുന്നതല്ല.

8. **അപേക്ഷ സമർപ്പിക്കേണ്ട രീതി:**

ഉദ്യോഗാർത്ഥികൾ കേരള പബ്ലിക് സർവ്വീസ് കമ്മീഷന്റെ ഔദ്യോഗിക വെബ്സൈറ്റായ www.keralapsc.gov.in വഴി 'ഒറ്റത്തവണ രജിസ്ട്രേഷൻ' പ്രകാരം രജിസ്റ്റർ ചെയ്ത ശേഷമാണ് അപേക്ഷിക്കേണ്ടത്. ഇതിനോടകം രജിസ്റ്റർ ചെയ്തിട്ടുള്ള ഉദ്യോഗാർത്ഥികൾ അവരുടെ user ID യും password ഉം ഉപയോഗിച്ച് login ചെയ്ത ശേഷം സ്വന്തം profile ലൂടെ അപേക്ഷിക്കേണ്ടതാണ്. ഓരോ തസ്തികയ്ക്ക് അപേക്ഷിക്കുമ്പോഴും പ്രസ്തുത തസ്തികയോടൊപ്പം കാണുന്ന Notification Link-ലെ **'Apply Now'**-ൽ മാത്രം click ചെയ്യേണ്ടതാണ്. Upload ചെയ്യുന്ന ഫോട്ടോ 31/12/2011-നോ അതിനുശേഷമോ എടുത്തതായിരിക്കണം. ഫോട്ടോയുടെ താഴെ ഉദ്യോഗാർത്ഥിയുടെ പേരും ഫോട്ടോ എടുത്ത തീയതിയും വ്യക്തമായി രേഖപ്പെടുത്തിയിരിക്കണം. നിശ്ചിത മാനദണ്ഡങ്ങൾ പാലിച്ചുകൊണ്ട് upload ചെയ്ത ഫോട്ടോയ്ക്ക് upload ചെയ്ത തീയതി മുതൽ 10 വർഷക്കാലത്തേയ്ക്ക് പ്രാബല്യമുണ്ടായിരിക്കും. ഫോട്ടോ സംബന്ധിച്ച മറ്റ് നിബന്ധനകൾക്കൊന്നും തന്നെ മാറ്റമില്ല. അപേക്ഷാ ഫീസ് നൽകേണ്ടതില്ല. **Application link click** ചെയ്ത് അപേക്ഷയുടെ പ്രിന്റ് എടുത്ത് സൂക്ഷിക്കാവുന്നതാണ്. അപേക്ഷ സംബന്ധമായി കമ്മീഷനുമായി നടത്തുന്ന കത്തിടപാടുകളിൽ അപേക്ഷയുടെ പ്രിന്റ് ഔട്ട് കൂടി സമർപ്പിക്കേണ്ടതാണ്. Password രഹസ്യമായി സൂക്ഷിക്കേണ്ടതും, വ്യക്തിഗത വിവരങ്ങൾ ശരിയാണെന്ന് ഉറപ്പുവരുത്തേണ്ടതും ഉദ്യോഗാർത്ഥിയുടെ ചുമതലയാണ്. ഓരോ തസ്തികയ്ക്ക് അപേക്ഷിക്കുന്നതിന് മുൻപും തന്റെ Profile ൽ ഉൾക്കൊള്ളിച്ചിരിക്കുന്ന വിവരങ്ങൾ ശരിയാണെന്ന് ഉദ്യോഗാർത്ഥി ഉറപ്പുവരുത്തേണ്ടതാണ്. കമ്മീഷനുമായുള്ള എല്ലാ കത്തിടപാടുകളിലും User ID പ്രത്യേകം രേഖപ്പെടുത്തേണ്ടതാണ്. അവസാന തീയതിക്കു ശേഷം അപേക്ഷയിൽ മാറ്റം വരുത്താനോ വിവരങ്ങൾ ഒഴിവാക്കുവാനോ കഴിയില്ല. തെരഞ്ഞെടുപ്പ് പ്രക്രിയയുടെ ഏതവസരത്തിലായാലും സമർപ്പിക്കപ്പെട്ട അപേക്ഷകൾ വിജ്ഞാപന വ്യവസ്ഥകൾക്ക് വിരുദ്ധമായി കാണുന്ന പക്ഷം നിരുപാധികമായി നിരസിക്കുന്നതാണ്. വിദ്യാഭ്യാസ യോഗ്യത, പരിചയം, ജാതി, വയസ്സ് മുതലായവ തെളിയിക്കുന്നതിനുള്ള പ്രമാണങ്ങളുടെ പകർപ്പുകൾ കമ്മീഷൻ ആവശ്യപ്പെടുമ്പോൾ ഹാജരാക്കിയാൽ മതിയാകും.

9. വിദ്യാഭ്യാസം, പരിചയം തുടങ്ങി യോഗ്യത സംബന്ധിച്ച് തെറ്റായ അവകാശവാദം ഉന്നയിച്ച് അപേക്ഷ നൽകിയ ശേഷം പരീക്ഷയ്ക്ക് സ്ഥിരീകരണം നൽകിയിട്ട് ഹാജരാകുകയോ ഹാജരാകാതിരിക്കുകയോ ചെയ്യുന്ന ഉദ്യോഗാർത്ഥികൾക്ക് എതിരെ Rules of Procedure Rule 22 പ്രകാരം ഉചിതമായ ശിക്ഷാ നടപടികൾ സ്വീകരിക്കുന്നതാണ്.

10 **അപേക്ഷ സമർപ്പിക്കേണ്ട അവസാന തീയതി 19.01.2022** ബുധനാഴ്ച രാത്രി 12 മണി വരെ

11 ഈ തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് എഴുത്ത്/ഒ.എം.ആർ/ഓൺലൈൻ പരീക്ഷ നടത്തുകയാണെങ്കിൽ പരീക്ഷ എഴുതുമെന്ന സ്ഥിരീകരണം (Confirmation) അപേക്ഷകർ തങ്ങളുടെ ഒറ്റത്തവണ രജിസ്ട്രേഷൻ പ്രൊഫൈൽ വഴി നൽകേണ്ടതാണ്. അപ്രകാരം സ്ഥിരീകരണം നൽകുന്നവർക്ക് മാത്രം അഡ്മിഷൻ

ടിക്കറ്റ് ജനറേറ്റ് ചെയ്ത് അത് ഡൗൺലോഡ് ചെയ്യുന്നതിനുള്ള സൗകര്യം പരീക്ഷാത്തീയതി വരെയുള്ള അവസാനത്തെ 15 ദിവസങ്ങളിൽ ലഭ്യമാക്കുന്നതാണ്. നിശ്ചിത സമയത്തിനുള്ളിൽ സ്ഥിരീകരണം നൽകാത്ത ഉദ്യോഗാർത്ഥികളുടെ അപേക്ഷകൾ നിരുപാധികം നിരസിക്കപ്പെടുന്നതാണ്. സ്ഥിരീകരണം നൽകേണ്ടതായ കാലയളവ് സംബന്ധിച്ച തീയതികളെക്കുറിച്ചും അഡ്മിഷൻ ടിക്കറ്റ് ലഭ്യമാകുന്ന തീയതി സംബന്ധിച്ചും ഉള്ള വിവരങ്ങൾ ബന്ധപ്പെട്ട പരീക്ഷ ഉൾപ്പെടുന്ന പരീക്ഷാ കലണ്ടറിൽ പ്രസിദ്ധപ്പെടുത്തുന്നതാണ്. ഇതു സംബന്ധിച്ച അറിയിപ്പ് ഉദ്യോഗാർത്ഥികളുടെ പ്രൊഫൈലിലും അതിൽ രജിസ്റ്റർ ചെയ്തിട്ടുള്ള മൊബൈൽ ഫോൺ നമ്പരിലും നൽകുന്നതാണ്.

(വിശദവിവരങ്ങൾക്ക് ഗസറ്റ് വിജ്ഞാപനത്തിന്റെ രണ്ടാം ഭാഗത്ത് ചേർത്തിരിക്കുന്ന പൊതുവ്യവസ്ഥകൾ നോക്കുക)

**സാജു ജോർജ്ജ്**

**സെക്രട്ടറി**

**കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ**